പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സംസ്ഥാനത്ത് ഒരു ഡി.ജി.പി. ഇല്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടുകൊണ്ട്, സുപ്രീംകോടതി, സംസ്ഥാന ഗവൺമെന്റ് കൊടുത്ത 'വിശദീകരണം നൽകണ'മെന്ന ഹർജി തള്ളിയിരിക്കുന്നു. കൂടാതെ 25000 രൂപ സർക്കാർ അടയ്ക്കണമെന്നുമാണ് കോടതി വിധിച്ചിരിക്കുന്നത്. ഇത് സംസ്ഥാനത്തിനുതന്നെ കനത്ത തിരിച്ചടിയാണ്. ഇന്നുതന്നെ ഡി.ജി.പി.-യായി ശ്രീ. സെൻകുമാറിനെ നിയമിച്ചുകൊണ്ട് കോർട്ട് അലക്ഷ്യത്തിനുള്ള കേസ്സിൽ നിന്നും രക്ഷപ്പെടാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത്.

(ശ്രീ. കെ. ബാബു)